**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 108** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ പോക്കുവരവിന് ഇന്റഗ്രേറ്റഡ് പോർട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ സുതാര്യവും ലളിതവും കാര്യക്ഷമവുമാക്കേണ്ടതിന്റെ ആവശ്യകത പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ ഏറ്റവും സുതാര്യവും കാര്യക്ഷമമായും വേഗത്തിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഈ സർക്കാർ വിവിധങ്ങളായ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭൂരേഖകൾ ഡിജിറ്റലാക്കുക എന്ന ലക്ഷ്യത്തോടെ ഡിജിറ്റൽ റീസർവ്വെ പദ്ധതി ആരംഭിക്കുകയും മൂന്ന് ഘട്ടങ്ങളിലായി 639 വില്ലേജുകളിൽ ആരംഭിച്ചതിൽ 335 വില്ലേജുകളിൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്യുകയും ഭൂസംബന്ധമായ എല്ലാ സാക്ഷ്യപത്രങ്ങളും ഓൺലൈനാക്കുകയും ചെയ്തു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ,രജിസ്ട്രേഷൻ, സർവെ എന്നീ വകുപ്പുകളിലെ ഭൂ സംബന്ധമായ സേവനങ്ങൾ ഏകജാല സംവിധാനത്തിലൂടെ നൽകുന്നതിലേക്കായി എന്റെ ഭൂമി സംയോജിത പോർട്ടൽ (Integrated Land information Management System - ILIMS) സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | റവന്യൂ, സർവേ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടൽ നിലവിൽ വരുന്നതോടെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കഴിയുമോ; വിശദമാക്കാമോ; | (ബി) | റവന്യൂ, സർവെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സംയോജിത പോർട്ടൽ നിലവിൽ വരുന്നതോടെ ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സാധിക്കും. ഭൂമി കൈമാറ്റത്തിന്റെ ഭാഗമായി 3 വകുപ്പുകളിൽ നിന്നായി ലഭിക്കേണ്ട മുഴുവൻ വിവരങ്ങളും എന്റെ ഭൂമി എന്ന ഒറ്റ പോർട്ടലിലൂടെ ലഭ്യമാകും എന്നതുകൊണ്ട് തന്നെ ഭൂമിയുടെ കൈമാറ്റങ്ങൾ ഏറെ സുതാര്യമാകും.<br><br>ടെംപ്ലേറ്റ് അധിഷ്ഠിത ഡോക്യുമെന്റ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, ആട്ടോ മ്യൂട്ടേഷൻ എന്നീ നടപടികൾ |

| | | | |
|---|---|---|---|
| | | | സഹിതമാണ് എന്റെ ഭൂമി സംയോജിത പോർട്ടൽ ഒരുക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ മറ്റ് തടസ്സങ്ങൾ ഇല്ലാത്ത (conditioned land transaction) ഭൂമി കൈമാറ്റമാണെങ്കിൽ രജിസ്ട്രേഷൻ നടപടി പൂർത്തിയാകുന്നതോടെ പോക്ക് വരവ് ഉടനടി നടക്കുന്നതും അപേക്ഷകന് കരം അടയ്ക്കുന്നതിന് സാധിക്കുന്നതുമാണ്. |
| (സി) | ഡിജിറ്റൽ സർവേ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂമിയുടെ പോക്കുവരവ് നടപടികളോടൊപ്പം സർവേ സ്കെച്ച് ഉൾപ്പടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | 13/01/2025 ലെ G.O(Ms)No. 7/2025/RD നമ്പർ കേരള സർക്കാർ ഉത്തരവനുസരിച്ച്, ഡിജിറ്റൽ സർവെ പൂർത്തിയാക്കിയ വില്ലേജുകളിൽ, കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്ട് പ്രകാരം വിജ്ഞാപനം ചെയ്ത ഡിജിറ്റൽ സർവെ രേഖകളെ അടിസ്ഥാനമാക്കി, വില്ലേജ് ഓഫീസർമാർ നടത്തുന്ന ഒറ്റ തവണ പരിശോധന (One Time Verification - OTV) പൂർത്തിയായ ശേഷം തണ്ടപ്പേർ വിവരങ്ങൾ ഉൾപ്പെടുത്തിയ, ഡിജിറ്റലായി തയ്യാറാക്കിയ പ്രീ - മ്യൂട്ടേഷൻ സ്കെച്ച് നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഡിജിറ്റൽ സർവെ വില്ലേജുകളിൽ നടപ്പിലാക്കുന്ന 'എന്റെ ഭൂമി' സംയോജിത പോർട്ടൽ (ILIMS) മുഖേനെ സർവെ വകുപ്പ് തയ്യാറാക്കുന്ന പ്രീ മ്യൂട്ടേഷൻ സ്കെച്ച് സഹിതമാണ് ഡോക്യുമെന്റ് രജിസ്റ്റർ ചെയ്യുന്നത്. ആയതിനാൽ പോക്ക് വരവ് നടപടിയോടൊപ്പം അംഗീകരിച്ച സ്കെച്ച് ലഭ്യമാകുന്നതാണ്. |
| (ഡി) | അപ്പാർട്ട്മെന്റുകളിലെയും ഫ്ലാറ്റുകളിലെയും വിഭജിക്കപ്പെടാത്ത അവകാശങ്ങൾ സംയോജിത പോർട്ടൽ വഴി പോക്കുവരവ് ചെയ്യുന്നതിനുള്ള സൗകര്യം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | അപ്പാർട്ട്മെന്റുകളുടെ (റെസിഡൻഷ്യൽ ഫ്ലാറ്റുകൾ) അല്ലെങ്കിൽ വിഭജിക്കപ്പെടാത്ത ഭൂമിയുടെ വിഹിതം ഉൾപ്പെടുന്ന കടമുറികളുടെയും സ്ഥാപനങ്ങളുടേയും രേഖകൾ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രി കൈമാറ്റം ചെയ്യുന്നതിനും, അത്തരം അപ്പാർട്ട്മെന്റുകളുടെ (റെസിഡൻഷ്യൽ ഫ്ലാറ്റുകൾ) ഭൂമിയുടെ വിഭജിക്കപ്പെടാത്ത വിഹിതത്തെ അടിസ്ഥാനമാക്കി സബ് ഡിവിഷനുകൾ സൃഷ്ടിക്കാതെ, തണ്ടപ്പർ അക്കൗണ്ട് വിശദാംശങ്ങൾ (കാലാകാലങ്ങളിൽ പ്രചാരത്തിലുള്ളത് പോലെ) ഉൾപ്പെടുത്തി ഡിജിറ്റലായി തയ്യാറാക്കിയ പ്രീ-മ്യൂട്ടേഷൻ സ്കെച്ച് ഉപയോഗിച്ച് ILIMS മുഖേന പോക്ക് വരവ് ചെയ്യുന്നതിന് 27.05.2025 ലെ G.O.(P)No.203/2025/RD സർക്കാർ ഉത്തരവ് പ്രകാരം Transfer of Registry Rules, 1966, ഭേദഗതി വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ